രാമവമ്മതമ്പുരാൻ.—നോക്കി പറയാം; നിശ്ചയമില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—ഈ ര സ്കൂളുകളിലെ കുട്ടികൾക്കു മാത്രമേ ദിവസേന ഭക്ഷണം കൊടുത്തുവരുന്നുള്ളുവോ; മറ്റു സ്കൂളുകളിൽ കൊടുത്തുവരുന്നില്ലേ ?

രാമവമ്മതമ്പുരാൻ.—ബാക്കിയുള്ള സ്കൂളുകളിൽ ഓരോ അണയാണ് കൊടുക്കുന്നതു്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ബാക്കിയുള്ള സ്കൂളുകൾ ഏതെല്ലാമാണെന്നു പറയാമോ?

രാമവമ്മതമ്പുരാൻ.—ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

മിസ്റ്റർ പി. കുമാരൻ എഴുത്തച്ഛൻ.—ബാക്കിയുള്ള സ്കൂളുകളിൽ ഓരോ കുട്ടിക്കു് ആഴ്ചയിൽ ഓരോ അണ വീതം കൊടുത്തുവരുന്നുണ്ടെന്നു പറഞ്ഞിട്ടുണ്ടു്. ഇതു് എന്തവശ്യത്തിനാണ് കൊടുക്കുന്നതു്?

രാമവമ്മതമ്പുരാൻ.—ഫീഡിംഗ് ചാർജ്ജസ് എന്ന മാതിരിയിലാണു കൊടുക്കുന്നതു്.

മിസ്റ്റർ പി. കുമാരൻ എഴുത്തച്ഛൻ.—അതുകൊണ്ടു മതിയാകുമെന്നാണോ സർവമ്മെണ്ടു വിചാരിക്കുന്നതു്?

രാമവമ്മതമ്പുരാൻ.—അങ്ങിനെ ഒന്നും ഉദ്ദേശിച്ചു കൊടുക്കുന്നതല്ല.

Hostel for Depressed Classses.

110. മിസ്റ്റർ കെ പി. വള്ളോൻ.—താഴെ എഴുതുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട സർവമ്മെണ്ടിൽനിന്നും മറുപടി പറയുവാൻ ദയവുണ്ടാകുമോ.—

സംസ്ഥാനത്തിൽ അധഃകൃത വിദ്യാർത്ഥികളെ താമസിപ്പിക്കുന്നതിനായി എത്ര ഹോസ്റ്റലുകൾ സ്ഥാപിച്ചിട്ടുണ്ടു്; അവ ഏവിടെയെല്ലാം?

രാമവമ്മതമ്പുരാൻ.—ഒരു ഹോസ്റ്റൽ ഉണ്ടു്. അതു് തുരുവേപേരൂരാണു്.

മിസ്റ്റർ കെ. പി. വള്ളോൻ.—ഈ ഹോസ്റ്റൽ നടപ്പിൽ വരുത്തിയതു് എപ്പോഴാണു്?

രാമവമ്മതമ്പുരാൻ.—ഫ്രൊവ മുതൽക്കാണു്.

മിസ്റ്റർ പി. കുമാരൻ എഴുത്തച്ഛൻ.—ഈ ഹോസ്റ്റലും അവരുടെ സ്കൂളും തമ്മിൽ എത്ര അകലമുണ്ടെന്നു പറയാമോ?

രാമവമ്മതമ്പുരാൻ.—തുരുവേപേരൂർ ടൌണിനു് അടുത്താണു്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—എത്ര കുട്ടികളുണ്ടു്?

രാമവമ്മതമ്പുരാൻ.—ഇക്കൊല്ലം ഇരുപതു കുട്ടികളേയുള്ളുണ്ടു്

LIBRARY ARCHIVES Kerala Legislative Assembly